**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2993** **28-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യലഭ്യതയിൽ ഇടിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഓരോ വർഷം കഴിയുതോറും മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ കെ.എം. എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്ക്കരിക്കുകയും 2018-ൽ പരിഷ്കരിച്ച കെ.എം.എഫ്.ആർ. നിയമം നടപ്പാക്കുകയും ചെയ്തതു വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ടണ്ണായി വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നു 2019-20, 2020-21 കാലയളവിൽ മത്സ്യലഭ്യത കുറയുന്നതായിട്ടാണ് കണ്ടത്. മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവ മൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്. എന്നാൽ കെ. എം. എഫ്. ആർ. നിയമം ശക്തമായി നടപ്പിലാക്കുന്നതിന്റെ ഫലമായി, 2021-22, 2022-23 (മൂന്നാം പാദം വരെ) എന്നീ വർഷങ്ങളിൽ മത്സ്യ ലഭ്യതയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് നിന്നും ഓരോ വർഷവും എത്ര ടൺ മത്സ്യം വീതമാണ് ലഭിച്ചത്; ഇതുസംബന്ധിച്ച നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് നിന്നും ഓരോ വർഷവും ലഭിച്ച മത്സ്യത്തിന്റെ അളവ് അനുബന്ധമായി ചേർക്കുന്നു.<br><br>കെ. എം. എഫ്. ആർ. നിയമം ശക്തമായി നടപ്പിലാക്കുന്നതിന്റെയും നിയമം ലംഘിക്കുന്നവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന്റെയും ഫലമായി 2022-23 (മൂന്നാം പാദം വരെ) വർഷത്തിൽ മത്സ്യ ലഭ്യതയിൽ ഗണ്യമായ വർദ്ധനവ് (5.44 ലക്ഷം മെട്രിക് ടൺ - മൂന്നാം പാദം വരെ) ഉണ്ടാകുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധന | (സി) | തീരത്തു നിന്നും 12 നോട്ടിക്കൽ മൈൽ അകലെ |

| | | | |
|---|---|---|---|
| | ബോട്ടുകൾ സംസ്ഥാന തീരത്തെ ചെറുമീനുകളെയടക്കം പിടിച്ച് മത്സ്യസമ്പത്തിന് ശോഷണം വരുത്തുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ? | | വരെയുള്ള സംസ്ഥാന അധികാര പരിധിയിൽ വരുന്ന തീരക്കടലിൽ അന്യ സംസ്ഥാന ബോട്ടുകളുടെ മത്സ്യബന്ധനം കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം മൂലം നിയന്ത്രിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തി പ്പെടുത്തുകയും, ബോധവത്കരണ പരിപാടി കൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. അന്യ സംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാന ത്തിന്റെ തീരക്കടലിലൂടെ ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| വർഷം | ഉത്പാദനം (ലക്ഷം മെട്രിക് ടണ്ണിൽ) (മറൈൻ സെക്ടർ) |
|---|---|
| 2017-18 | 4.83 |
| 2018-19 | 6.09 |
| 2019-20 | 4.75 |
| 2020-21 | 3.91 |
| 2021-22 | 6.01 |